# ഖുർആൻ പാരായണം

## അബ്ദുൽ ജബ്ബാർ കൂരാരി

عَن ابن مَسْعُود رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: مَنْ قَرَأَ حَرْفًا مِن كِتَابِ الله فَلَهُ بِهِ حَسَنَةٌ وَالْحَسَنَةُ لِعَشر أمْثَالِهَا. لاَ أَقُولُ 'الم' حَرْفٌ. أَلِفُ حَرْفٌ وَلاَمُ حَرْفٌ وَمِيم حَرْفٌ

**ഇബ്നു മസ്ഊദിൽനിന്ന്: നബി(സ) പറഞ്ഞു: "ഖുർആനിൽ ഒരക്ഷരം ഓതിയവന് പത്ത് നന്മയുണ്ട്. നന്മ അതിന്റെ പത്തിരട്ടി ഫലദായകമാണ്. അലിഫ് ലാം മീം ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. അലിഫ് - ഒരക്ഷരം. ലാം- ഒരക്ഷരം. മീം - മറ്റൊരക്ഷരം" (തിർമിദി).**

**വിശുദ്ധ** ഖുർആൻ പാരായണത്തിന്റെ ശ്രേഷ്ഠത വിവരിക്കുന്ന തിരുവചനമാണിത്.

പ്രപഞ്ച നാഥനായ അല്ലാഹുവിന്റെ അനുഗൃഹീത വചനങ്ങൾ ഉൾകൊള്ളുന്ന മഹൽ ഗ്രന്ഥമാണ് ഖുർആൻ. ദൈവിക വാഗ്ദാനങ്ങളുടെയും ദിവ്യാത്ഭുതങ്ങളുടെയും ഒരു അമൂല്യ നിധിയാണത്. ലോകത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നതും പഠനവിധേയമാക്കപ്പെടുന്നതും ഇന്നും ഖുർആൻ തന്നെ. മുസ്ലിംകൾ മാത്രമല്ല അമുസ്ലിംകളും അത് പഠിക്കുകയും പാരായണം നടത്തുകയും ചെയ്യുന്നുവെന്നതാണതിന്റെ പ്രത്യേകത. അല്ലാഹു പ്രപഞ്ചത്തിന് നൽകിയ വെളിച്ചമാണ് ഖുർആൻ.

പാരായണം ചെയ്താൽ പുണ്യം ലഭിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ. അതിലെ ഓരോ അക്ഷരത്തിനും പ്രതിഫലമുണ്ട്. അതിനാൽ എപ്പോഴും സാധ്യമാകുന്നത്ര ഖുർആൻ ഓതണം. ഖുർആനോടൊപ്പം അൽപനേരം ചെലവഴിക്കാതെ ഒരു ദിവസവും കടന്നുപോകരുത്.

ഖുർആൻ ഓതുന്ന ഭവനങ്ങൾ സമാധാനത്തിന്റെയും കാരുണ്യത്തിന്റെയും കേന്ദ്രങ്ങളാണ്. അവിടെ കാരുണ്യത്തിന്റെ മാലാഖമാരുടെ സാന്നിധ്യമുണ്ടാകുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

അബൂഹുറയ്റയിൽനിന്ന്: റസൂൽ പറഞ്ഞു: "ഒരു ജനത അല്ലാഹുവിന്റെ ഭവനത്തിൽ ഒരുമിച്ചുകൂടി അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും പരസ്പരം ചർച്ച ചെയ്തു പഠിക്കുകയും ചെയ്താൽ മലക്കുകൾ അവരെ പൊതിയും. കാരുണ്യം അവരെ വലയം ചെയ്യും" (മുസ്ലിം).

ഖുർആൻ അർഥം പഠിക്കുന്നതും അതിനെക്കുറിച്ചു മനനം നടത്തുന്നതും മഹത്തായ കാര്യങ്ങളാണ്. അർഥമറിയാതെ പരായണം ചെയ്താൽ അത് പാഴ്വേലയാവുകയില്ല. പുണ്യകർമം എന്ന നിലയിൽ അത് പരിഗണിക്കപ്പെടും.

ഖുർആൻ മനഃപാഠമാക്കുന്നത് വലിയൊരു പുണ്യമായിട്ടാണ് പ്രവാചകൻ വിശദീകരിക്കുന്നത്. അവിടുന്ന് അരുളി: "ഖുർആനില്ലാത്ത ഹൃദയം വിളക്കില്ലാത്ത വീട് പോലെ."

പാരായണം പോലെ പുണ്യകരമാണ്, മറ്റുള്ളവർ ഓതുന്നത് കേൾക്കൽ. അബൂമൂസൽ അശ്അരി നല്ല ശബ്ദത്തോടെ ഖുർആൻ പാരായണം ചെയ്യുമ്പോൾ തിരുമേനി അദ്ദേഹമറിയാതെ ദീർഘനേരം അത് കേട്ടുനിൽക്കാറുണ്ടെന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്.

സാവകാശം ഭക്തിയോടെ ആർദ്ര മനസ്സോടെയാണ് ഖുർആൻ പാരായണം ചെയ്യേണ്ടത്. ■